C. S. (Main) Exam : 2012

**Serial No**

**E–DTN–M–JMD–11**

# MALAYALAM

**(Compulsory)**

*Time Allowed : Three Hours*

*Maximum Marks : 300*

---

## INSTRUCTIONS

*Candidates should attempt* ***ALL*** *questions.*

*The number of marks carried by each question is indicated at the end of the question.*

*Answers must be written in* ***Malayalam,*** *unless otherwise directed.*

*Prescribed word-limit must be followed for Q. No. 3. The precis must be attempted* ***only*** *on the special precis sheets provided separately. These precis sheets are to be securely attached to the answer book.*

**Important : Whenever a Question is being attempted, all its parts/sub-parts must be attempted contiguously. This means that before moving on to the next Question to be attempted, candidates must finish attempting all parts/sub-parts of the previous Question attempted. This is to be strictly followed.**

*Pages left blank in the answer-book are to be clearly struck out in ink. Any answers that follow pages left blank may not be given credit.*

---



(Contd.)

1. താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 300 വാക്കിൽ കുറയാതെ ഉപന്യാസം തയ്യാറാക്കുക : 100

(a) ഇന്ത്യ - വാണിജ്യ - വ്യവസായ വളർച്ചയ്ക്കു തക്കതായ രംഗം.

(b) നമ്മുടെ മെട്രോ സിറ്റികൾ സ്ത്രീകൾക്കു എത്രമാത്രം സുരക്ഷിതത്വം ഉറപ്പു നൽകുന്നു ?

(c) വന്യജീവി സംരക്ഷണവും പരിപാലനവും.

(d) പ്രവൃത്തിപരിചയ വിദ്യാഭ്യാസം (വൊക്കേഷണൽ എഡ്യുക്കേഷൻ) ഇന്ത്യയിൽ.

(e) പുരാണ കഥകളെ അടിസ്ഥാനമാക്കിയ സിനിമകൾ.

2. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചു തുടർന്നുള്ള ചോദ്യങ്ങൾക്കു വ്യക്തവും സൂക്ഷ്മവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക : $6 \times 10 = 60$

ആയാസത്തിനും ക്ഷണിക ആസ്വാദനത്തിനുമാണ് മിക്ക വായനക്കാരും ഒരു പുസ്തകം വായിക്കുന്നതും അതിനെ ആശ്രയിക്കുന്നതും. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ അവർ വായിക്കുന്നതു തികച്ചും സമയം കൊല്ലുന്നതിനു വേണ്ടിയാണ്. പക്ഷെ, സമയമെന്നു പറയുന്നതു ഒരു അമൂല്യ വസ്തുവാണെന്ന് മിക്കവാറും പറയപ്പെടാറുണ്ട്. മിക്ക വായനക്കാരും ഈ അമൂല്യ വസ്തുവിനെ പാഴാക്കാറുണ്ട്.

അതിശയമെന്നു തന്നെ പറയട്ടെ, സമയം തന്നെ അവർക്കു പിന്നെ വിനയാകാറുണ്ട്. എന്നിരുന്നാലും അവർ തുടർന്നു വായിക്കുകയും, അതുമല്ല ലോഡു കണക്കിനു വായിച്ചു തള്ളുകയും ചെയ്യുന്നു. അതുമല്ല അതിൽനിന്നും ഒന്നും കാര്യമായി നേടുന്നില്ലെന്നും തെളിയുന്നുമുണ്ട്.

അല്ലെങ്കിൽ അവരുടെ വായനയിൽനിന്ന് വല്ലതും നേടിയിട്ടുണ്ടാവുമെന്നു അനുമാനിക്കാമെന്നു വിശ്വാസിക്കാനും പറ്റുന്നില്ല. ഒരു പക്ഷെ അവരുടെ വായന അവരെ കുറച്ചൊക്കെ സ്വാധീനിച്ചെന്നു വരാം. പക്ഷെ, അങ്ങനെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും അവർ അതിനെക്കുറിച്ചു ബോധവാന്മാരാണോ എന്നു സംശയം ഉണർത്തുന്നു. അത്തരത്തിൽ നമ്മളെ നമ്മൾ തന്നെ അറിയാതെ സ്വാധീനിച്ചിട്ടുണ്ടെങ്കിൽ ആ സ്വാധീനം നേട്ടമോ കോട്ടമോ ഉണ്ടാക്കാമെന്നു നമ്മൾക്കു തീർത്തു പറയാൻ പറ്റില്ല. ഒരുവൻ വായനയിലൂടെ ബോധപൂർവ്വം ഒന്നു നേടുന്നില്ലെങ്കിൽ അവരുടെ വായനയെക്കുറിച്ചു അവർക്കു ഒന്നും തന്നെ പറയാനില്ലെന്നുള്ളതാണ് വാസ്തവം.

**ചോദ്യങ്ങൾ** :

(i) എന്തൊക്കെ കാരണങ്ങളാലാണ് മിക്കവാറും ജനങ്ങൾ വായിക്കുന്നതെന്ന് എഴുത്തുകാരൻ പറയുന്നത് ?

(ii) സമയത്തെക്കുറിച്ച് വായനക്കാർ ഒട്ടും ബോധവാന്മാര ല്ലെന്ന് ലേഖകൻ പറയാൻ കാരണമെന്ത് ?

(iii) സമയം പ്രയോജനപ്രദമായി വായനക്കാർ ചെലവഴിച്ചിട്ടില്ലെന്നുള്ള സൂചനകളുടെ വസ്തുതകൾ എന്തൊക്കെയാണ് ?

(iv) വായനക്കുശേഷം വായനക്കാരിൽ നിന്ന് ലേഖകൻ എന്തൊക്കെയാണ് പ്രതീക്ഷിക്കുന്നത് ?

(v) ബോധപൂർവ്വമല്ലാത്ത വായനയെക്കുറിച്ചു ലേഖകന് അവജ്ഞയുണ്ടാകാൻ കാരണമെന്ത് ?

(vi) ഏതു തരത്തിലുള്ള വായനക്കാരനെയാണ് വേണ്ടതെന്ന് ലേഖകൻ പറയുന്നു ?

3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക (ചുരുക്കിയെഴുതുക). വാക്കുകളുടെ എണ്ണം നിർദ്ദിഷ്ട പരിധിയിലല്ലെങ്കിൽ മാർക്കു കുറയ്ക്കും സംഗ്രഹണത്തിനായി പ്രത്യേകം നൽകിയിട്ടുള്ള പേപ്പർ ഉപയോഗിച്ചു ഉത്തരക്കടലാസിനുള്ളിൽ തുന്നിച്ചേർക്കണം : 60

ഭൂമിയിൽ ഏറ്റവും സാധാരണമായും വ്യാപകമായും കണ്ടു വരുന്ന വസ്തുവാണ് ജലം. ഭൂമിയുടെ ഉപരിതലത്തിന്റെ 70 ശതമാനം ഭാഗവും അപഹരിച്ചിട്ടുള്ള വസ്തു. ഭൂമിയുടെ ആഗോള ജലശേഷി ഏകദേശം 1.386 (ബില്യൺ) നൂറുകോടി ഘന കി.മീ. ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിൽ 97 ശതമാനവും ഉപ്പുവെള്ളമാണെന്നും മനുഷ്യനു

ഉപയുക്തമല്ലാത്തതുമാണെന്നും കരുതപ്പെടുന്നു. ബാക്കിയുള്ള 3 ശതമാനം മാത്രമാണ് മനുഷ്യനു ശുദ്ധജലമായി ഉപയോഗിക്കാൻ പറ്റുന്നത്. പക്ഷെ കുടിവെള്ളത്തിനു ഉപയുക്തമായ ജലത്തിന്റെ 68.5 ശതമാനവും മഞ്ഞുമലകളിൽ മഞ്ഞുക്കട്ടികളായും ഹിമാനികളായും സ്ഥിതി ചെയ്യുന്നതുകൊണ്ടു മനുഷ്യനു ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്. കുടിവെള്ളത്തിന്റെ 30 ശതമാനവും ഭൂഗർഭ ജലമായിട്ടുണ്ട്. നദികളുടെയും പുഴകളുടെയും തടാകങ്ങളുടെയും ജലശേഷിയുടെ 0.9 ശതമാനം മാത്രമേ കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റൂ. സാധാരണയായി നദികളിൽ നിന്നും അരുവികളിൽനിന്നും തടാകങ്ങളിൽ നിന്നും 70 ഘന കി.മീ. കുടിവെള്ളമാണ് പ്രതിദിനം നമ്മൾ ഉപയോഗിക്കുന്നത് അതുമല്ലാതെ ജല സംഭരണികളിൽ നിന്ന് ഏകദേശം 70 ഘന കി.മീ. കുടിവെള്ളം ഉപയോഗപ്പെടുത്തുന്നുവെന്നു കണക്കാക്കാം. ഏകദേശം ആയിരം വർഷങ്ങളായി ഇത്തരത്തിൽ ജല വിതരണം സ്ഥിരമായി നടത്തപ്പെടുന്നു. പക്ഷെ, ആവശ്യക്കാരുടെയെണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സമീപ ദശവത്സരങ്ങളായി ഗാർഹികോപയോക്താക്കളുടെയും കാർഷിക വ്യവസായ ആവശ്യക്കാരുടെയും എണ്ണം പെരുകി വരുകയാണ്. 1940-ൽ ലോക ജനസംഖ്യാനിരക്ക് ഇരുന്നൂറുകോടി ആയിരിക്കുമ്പോൾ കുടിവെള്ളത്തിന്റെ



(Contd.)

ശരാശരി പ്രതി ശീർഷ ഉപയോഗം 1000 ഘന.മീറ്ററിൽനിന്നും കുറവായിരുന്നു. 2000 - ാം ആണ്ടിൽ ലോക ജനസംഖ്യാ നിരക്ക് 600 കോടിയായി ഉയർന്നപ്പോൾ കുടിവെള്ളത്തിന്റെ പ്രതിശീർഷാവശ്യം 6000 ഘന.മീറ്ററായി ഉയരുകയും കുടിവെള്ള സ്ത്രോതസ്സുകൾക്കു പിരിമുറുക്കമേർപ്പെടുകയും ചെയ്തു. പ്രത്യേകിച്ചു ജനനിബിഡമായ പ്രദേശങ്ങളിലും ജലം ദൗർലഭ്യമായ സ്ഥലങ്ങളിലും ഇതിന്റെ പ്രത്യാഘാതങ്ങൾ കാണപ്പെട്ടു. ഒഴുക്കുവെള്ളത്തിന്റെ 70 ശതമാനം കാർഷിക ഉപയോഗങ്ങൾക്കും 22 ശതമാനം വ്യവസായത്തിനും ഗാർഹികാവശ്യത്തിനു 8 ശതമാനവും ഉപയോഗിക്കുന്നു. ലോക ജനസംഖ്യാ നിരക്ക് ഒരു പൊട്ടിത്തെറിയുടെ പാരമ്യത്തിൽ എത്തിനിൽക്കുന്ന അവസ്ഥയിൽ ശുദ്ധജലത്തിന്റെ ആവശ്യകത അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഭൂമിയിൽ ലഭ്യമായ ശുദ്ധ ജലത്തിന്റെ 50 ശതമാനം ഉപയോഗിച്ചു കഴിഞ്ഞു. ഈ സ്ഥിതിയിൽ ഏകദേശം 2050 ആകുമ്പോൾ ഭൂമിയിലുള്ള ജലശേഷിയുടെ 74 ശതമാനവും ഉപയോഗിച്ചിരിക്കും. ഒരു സാധാരണ അമേരിക്കൻ വെള്ളം ഉപയോഗിക്കുന്നതുപോലെ എല്ലാ ജനങ്ങളും എല്ലായിടത്തും ഉപയോഗിക്കുകയാണെങ്കിൽ, പ്രത്യേകിച്ചു ധാരാളികളായ അമേരിക്കക്കാരെപ്പോലെ ഉപഭോക്താക്കളുടെ ആവശ്യകത ലഭ്യമായ ശുദ്ധജലത്തിന്റെ 90 ശതമാനത്തിൽ കവിയും.



(Contd.)

ശുദ്ധ ജലത്തിന്റെ ഉറവിടങ്ങൾ തന്നെ ഭൂമിയുടെ എല്ലാ ഭാഗത്തും ഏകരൂപേണ കണ്ടുവരുന്നില്ല. ശുദ്ധജലം കൂടിയ രാജ്യങ്ങളും കുറവുള്ളവയുമുണ്ട്. ഗ്രീൻലാന്റിനെപ്പോലെയുള്ള രാജ്യത്ത് ശുദ്ധജലത്തിന്റെ പ്രതി ശീർഷ അളവ് 10,767 ദശലക്ഷം ഘന മീറ്റർ ആണെങ്കിൽ കുവൈറ്റുപോലുള്ള രാജ്യങ്ങളിൽ വെറും 10 ഘന മീറ്ററാണ്. 1951-ൽ ഇന്ത്യയിലെ ശുദ്ധ ജലത്തിന്റെ പ്രതിശീർഷ അളവ് 5177 ഘന മീറ്ററായിരുന്നു. 2001-ൽ ഇത് 1820 ഘന മീറ്ററിലേക്കു താഴുകയും നമ്മളുടെ രാജ്യവും ശുദ്ധജല ക്ഷാമമുള്ള രാജ്യങ്ങളിൽപ്പെടുകയും ചെയ്തു. 2025 ആകുമ്പോഴേയ്ക്കും ശുദ്ധജലത്തിന്റെ പ്രതി ശീർഷ അളവിന്റെ നില 1340 ഘന മീറ്റർ എന്നു പ്രവചിച്ചിരിക്കുന്നു.

ലോകത്തിലെ അനവധി നദികളും അവയുടെ പോഷക നദികളും ഉപനദികളുമൊക്കെ ഒരു രാജ്യത്തിലൂടെ മാത്രമല്ല, പല രാജ്യങ്ങളിലൂടെയും കടന്നാണ് സമുദ്രത്തിൽ പതിക്കുന്നത്. ഉദാഹരണത്തിന് ഗംഗാനദിയും അതിന്റെ ഉപനദികളും നേപ്പാൾ, ഇന്ത്യ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലൂടെയും സിന്ധുനദിയും അതിന്റെ ഉപനദികളും ഇന്ത്യയിലൂടെയും പാകിസ്ഥാനിലൂടെയും ഒഴുകുന്നു. ജർമ്മനിയിൽനിന്ന് ഉത്ഭവിക്കുന്ന ഡാന്യൂബ് ആസ്ട്രിയ, സ്ലോവാക്കിയ, ഹങ്കറി, ക്രോയേഷ്യ, സെർബിയ, റൊമേനിയ,



(Contd.)

ബൾഗേറിയ, മൊൽദേവിയ, യുക്രൈൻ, എന്നീ രാജ്യങ്ങളിലൂടെ ഒഴുകുന്നു. 'സാമ്പസെ' എന്ന നദി സാമ്പിയ, അങ്ഗോള, നമീബിയ, ബോട്സ്വാന സിമ്ബാബ്വെ, മൊസാംബിക് എന്നീ രാജ്യങ്ങളിലൂടെയും ഒഴുകുന്നു. സുഡാൻ, എത്യോപ്യ, കെനിയ റുവാണ്ട, ബുറുണ്ടി, ഉഗാണ്ട, ടാൻസാനിയ, സൈറെ എന്നീ എട്ടു രാജ്യങ്ങളാണ് ഈജിപ്തിന്റെ ജീവനാഡിയായ നൈൽ നദിയുടെ നദീതട പ്രദേശം. വിവിധ രാജ്യങ്ങളിലൂടെ കടന്നു പോകുന്ന നദീജലത്തിനാൽ പലപ്പോഴും നദീജല തർക്കങ്ങൾ ഉണ്ടാകുകയും നദീതീരസ്ഥലത്തിന്റെ ഉടമവകാശത്തെ ചൊല്ലിയും ലഭ്യമായ ജലത്തിനെക്കുറിച്ചും സംഘർഷങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ദക്ഷിണ - മധ്യേഷ്യകളിലും മധ്യയൂറോപ്പിലും അത്തരത്തിലുള്ള തർക്കങ്ങൾ 3000 ക്രി.മു. വിൽത്തന്നെ ഉണ്ടായിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കൃഷിക്കും വ്യവസായത്തിനും ഗാർഹികാവാശ്യങ്ങൾക്കുമായി ഉണ്ടാകുന്ന ദിവസേനയുള്ള ജലത്തിന്റെ ആവശ്യകത നദീജല തർക്കങ്ങൾക്കും സംഘർഷാവസ്ഥയ്ക്കും കാരണമാകുന്നു.

നദികളിലൂടെ ഒഴുകുന്ന ജലം പരസ്പരം പങ്കുവയ്ക്കുന്നതു സംബന്ധിച്ചു ചിലപ്പോൾ പ്രാദേശിക തലത്തിലും ദേശീയ തലത്തിലും വൈകാരിക പ്രശ്നമാകുകയും സംഘർഷങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

 (Contd.)

ഗൗതം ബുദ്ധൻ (563 ക്രി.മു - 483 ക്രി.മു) ശാക്യകളും കോട്യകളും തമ്മിൽ രോഹിണി നദിയിലെ വെള്ളം പങ്കുവെയ്ക്കുന്നതിനെക്കുറിച്ചു ഇടപെട്ടിട്ടുണ്ടെന്നാണ് ചരിത്രം പറയുന്നത്.

4. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക : 20

I remember my father starting his day at 4 a.m. by reading the namaz before dawn. After the namaz, he used to walk down to a small coconut grove we owned, about 4 miles from our home. He would return, with about a dozen coconuts tied together thrown over his shoulder, and only then would he have his breakfast. This remained his routine even when he was in his late sixties.

I have throughout my life tried to emulate my father in my own world of science and technology. I have endeavoured to understand the fundamental truths revealed to me by my father, and feel convinced that there exists a divine power that can lift one up from confusion, misery, melancholy and failure, and guide one to one's true place. And once an individual severs his emotional and physical bondage, he is on the road to freedom, happiness and peace of mind.

5. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക : 20

ക്രിസ്തുമതം ആവിർഭവിക്കുന്നതിനു മുമ്പ് തന്നെ യവനരാജ്യത്തിലും ഈജിപ്തിലും ഇന്ത്യയിലുമൊക്കെ ആശുപത്രികളും ശുശ്രൂഷാ കേന്ദ്രങ്ങളും സ്ഥാപിതമായിട്ടുണ്ടെന്നു കരുതപ്പെടുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അനവധി പ്രസിദ്ധമായ ജനറൽ ആശുപത്രികളുണ്ട്. പ്രത്യേകിച്ചും, വിവിധ തരത്തിലുള്ള രോഗങ്ങളുണ്ടായാലും അവയുടെ നിവാരണത്തിനും പ്രതിരോധത്തിനും വേണ്ടിയുള്ള സൗകര്യപ്രദമായ കേന്ദ്രങ്ങളും, പരിശീലനത്തിനും ഗവേഷണത്തിനും തക്കതായ കേന്ദ്രങ്ങളുമായി മാറുകയും ചെയ്തിട്ടുണ്ട് ചെറുതും വലുതുമായ സ്ഥാപനങ്ങളും പ്രത്യേക തരത്തിലുള്ള രോഗങ്ങളുടെ ശുശ്രൂഷയ്ക്കും നിവാരണത്തിനും, സ്ത്രീകളുടെയും ശിശുക്കളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള ചികിത്സാലയങ്ങളും ഇപ്പോഴുണ്ട്. അമേരിക്കയിലും ഇംഗ്ലണ്ടിലും സംസ്ഥാനത്തിന്റെയോ മുൻസിപ്പാലിറ്റികളുടെയോ നിയന്ത്രണത്തിലുള്ള ചെലവു കുറഞ്ഞ ചികിത്സാ രീതിയിലുള്ള ആശുപത്രികളുമുണ്ട്. സാമ്പത്തിക നിലവാരത്തെ ഊർജപ്പെടുത്തുന്ന, ബഹുമുഖ സമൂഹത്തിന്റെ സൗകര്യപ്രദമുള്ള, ക്രമീകരിച്ച നിലവാരം പുലർത്തുന്ന, ജോലിയ്ക്കു വിഘ്നമില്ലാത്ത, സാമ്പത്തിക സഹായം

ചെയ്യുന്ന ഒരു സമ്പ്രദായം ഇവിടങ്ങളിലുണ്ട്. പക്ഷെ തികച്ചും നീരസം പുലർത്തുന്നതും യാന്ത്രികവും ആത്മാവു നഷ്ടപ്പെട്ടതും കാര്യശേഷി നഷ്ടപ്പെട്ടതും നിർലോഭമായ സജീവ വിമർശന രാഹിത്യം കാരണം പാഴ്ചെലവുണ്ടാകുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

6. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു നിർദ്ദേശമനുസരിച്ചു ഉത്തരമെഴുതുക : 2×10=20

(a) വിപരീതാർഥമുള്ള എഴുതുക :

(i) അധമം ×

(ii) ആരോഹണം ×

(iii) അനുകൂലിക്ക് ×

(iv) സ്ഥൂലിച്ച ×

(v) നിബിഡമായി ×

(b) താഴെ കൊടുത്തിരിക്കുന്ന പദത്തിന് സമാനാർഥമുള്ള പദമെഴുതുക :

(vi) വായ്ക്കുന്ന =

(vii) ഉദയ =

(viii) ഉപേക്ഷ =

(ix) ഉപാസിക്ക് =

(x) ക്രോധം =

(c) ആശയം വ്യക്തമാക്കി വാക്യത്തിൽ പ്രയോഗിക്കുക :

$2 \times 5 = 10$

(i) മുഖാമുഖം

(ii) താളത്തിനു തുള്ളുക

(iii) ഓണം കേറാ മൂല

(iv) കൊട്ടിഘോഷിക്കുക

(v) പൂച്ചു തെളിയുക

(d) തന്നിരിക്കുന്ന വാക്കുകളുടെ സന്ധി ചേർത്തെഴുതുക :

$2 \times 5 = 10$

(i) പ്രകൃതി + അതീതം =

(ii) മനു + അന്തരം =

(iii) തഥ + ഏവ =

(iv) ജന + ഔഘം =

(v) ചിത് + മയ =